# സംസ്ഥാന പൊതുമേഖല ഉയർത്തുന്ന ദേശീയ ബദൽ



**എളമരം കരീം**
വ്യവസായ വകുപ്പു മന്ത്രി

**കേ**രളത്തിലെ പൊതുമേഖലാ വ്യവസായങ്ങളുടെ വിജയഗാഥ, ദേശീയ ശ്രദ്ധ ആകർഷിക്കുകയാണ്. ആസൂത്രണ വിദഗ്ദരും ഭരണ രംഗത്തെ പ്രമുഖരും തൊഴിലാളി സംഘടനാ നേതാക്കളും കേരള അനുഭവത്തെ ഒരേ സ്വരത്തിലാണ് പ്രകീർത്തിക്കുന്നത്. ആഗോള മുതലാളിത്ത തകർച്ചയുടെയും ആഗോളവൽക്കരണ കാലഘട്ടത്തിൽ സ്വകാര്യവത്കരണത്തിന് ബദലില്ലെന്ന ശക്തിയായ വാദം ഉയരുന്ന കാലത്തുമാണ്, കേരളം ബദൽ ഉയർത്തുന്നത്. നവരത്ന കമ്പനികളുടെ ഓഹരി വില്പന പ്രഖ്യാപിച്ച കേന്ദ്ര സർക്കാരിന്റെ നയങ്ങളിൽനിന്ന് പാടെ വ്യത്യസ്തമായ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയത്തിന്റെ ഉജ്ജ്വല വിജയമാണ് കേരളത്തിൽ കാണുന്നത്.

2001-06 കാലഘട്ടത്തെ യു.ഡി.എഫ് സർക്കാരിന്റെ നയങ്ങളുടെ ഫലമായി. പൊതുമേഖലയുടെ മരണമണി മുഴങ്ങി. ആർ.സി ചൗധരിയുടെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റി (ഇ.ആർ.സി) നഷ്ടത്തിലായ കമ്പനികളെയെല്ലാം അടച്ചുപൂട്ടുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യാൻ നിർദ്ദേശിച്ചു. 25 സ്ഥാപനങ്ങളാണ് ഇ.ആർ.സി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദയാവധത്തിന് വിധിക്കപ്പെട്ടത്.

ആസ്ട്രാൽ വാച്ചസ്, കേരള സിറാമിക്സ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ, കേരള സോപ്സ് ആന്റ് ഓയിൽസ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, സീതാറാം ടെക്സ്റ്റൈൽസ്, ഓട്ടോകാസ്റ്റ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷൻ, ട്രാവൻകൂർ പ്ലൈവുഡ്സ്, കെൽട്രോൺ കൗണ്ടേഴ്സ്, ടെൽക്ക്, മീറ്റർ കമ്പനി, കേരള ഗാർമെന്റ്സ്, കേരള കൺസ്ട്രക്ഷൻ കമ്പൊണന്റ്സ്, കെൽട്രോൺ റെക്റ്റിഫയേഴ്സ്, മെട്രോപൊളിറ്റൻ കമ്പനി, സ്കൂട്ടേഴ്സ് കേരള, കെൽട്രോൺ കമ്പോണന്റ്സ് കോംപ്ലക്സ്, കെൽ, സ്റ്റീൽ കോംപ്ലക്സ്, ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് എന്നിവയാണ് മേൽപറഞ്ഞ പ്രകാരം കയ്യൊഴിക്കാൻ തീരുമാനിക്കപ്പെട്ടത്. ഇതിൽ ഭൂരിപക്ഷം സ്ഥാപനങ്ങളിലെയും തൊഴിലാളികൾക്ക് കോമ്പൻസേഷൻ നൽകി പിരിച്ചുവിട്ടു. മൊത്തം 3193 തൊഴിലാളികളാണ് പിരിച്ചുവിടപ്പെട്ടത്. പൊതുമേഖലയുടെ ആസ്തികളും, വിലപിടിച്ച ഭൂസ്വത്തും, സ്വകാര്യ മേഖലയ്ക്ക് കൈമാറാനുള്ള തകൃതിയായ നീക്കമാണ് അക്കാലത്ത് നടന്നത്. പൊതുമേഖലയോടുള്ള ശത്രുതയ്ക്ക് പുറമെ അഴിമതിക്കുള്ള ഉപാധിയായും ഈ നയം മാറി.

യു.ഡി.എഫ് സർക്കാരിന്റെ ഈ നയത്തിനെതിരെ, സംസ്ഥാനത്തെ മുഴുവൻ ട്രേഡ് യൂണിയനുകളും ശക്തമായ പ്രതിഷേധ സമരവുമായി രംഗത്ത് വന്നു. അടച്ചുപൂട്ടാനും, സ്വകാര്യവൽക്കരിക്കാനും നിർദ്ദേശിക്കപ്പെട്ട കമ്പനികളിൽ, സംരക്ഷണ സമിതികൾ രൂപംകൊണ്ടു. യോജിച്ച തൊഴിലാളി സമരങ്ങൾ കാരണം അന്നത്തെ സർക്കാർ ഉദ്ദേശിച്ചപോലെ, കമ്പനികൾ വിറ്റുതുലക്കാൻ കഴിഞ്ഞില്ല. എന്നാൽ അവയെല്ലാം അടഞ്ഞ്തന്നെ കിടന്നു.

2006 ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ് സർക്കാർ പൊതുമേഖലാ വ്യവസായങ്ങൾ സംരക്ഷിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനുമുള്ള നയം പ്രഖ്യാപിച്ചു. 2007 ലെ സർക്കാരിന്റെ വ്യവസായ നയത്തിൽ ഈ നയം വ്യക്തമാക്കിയിട്ടുണ്ട്. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പൂട്ടിയവയിൽ തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നവ വീണ്ടും തുറക്കാനും, പ്രവർത്തിക്കുന്നവ പുനരുദ്ധരിച്ചും, ആധുനികവൽക്കരിച്ചും ശക്തിപ്പെടുത്താൻ തീരുമാനിച്ചു. പൂട്ടിക്കിടന്ന കോഴിക്കോട്ടെ തിരുവണ്ണൂർ കോട്ടൺമിൽ, കേരള സോപ്സ്, ബാലരാമപുരം സ്പിന്നിംഗ് മിൽ, ആലപ്പുഴയിലെ ഡ്രഗ്സ് & ഫാർമസ്യൂട്ടിക്കൽസ് എന്നിവ വീണ്ടും പ്രവർത്തനമാരംഭിച്ചു. വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ വളർച്ചക്കായി വ്യക്തമായ ഒരു പ്രവർത്തന പരിപാടി തയ്യാറാക്കപ്പെട്ടു.

ഭീമമായ നഷ്ടം വരുത്തിയതും വൻ ബാധ്യതയിൽപ്പെട്ടതുമായ കമ്പനികളുടെ സാമ്പത്തിക പുനഃസംഘടനയാണ് ആദ്യം കൈക്കൊണ്ട നടപടി. ധനകാര്യവകുപ്പിന്റെ അകമഴിഞ്ഞ പിന്തുണകൊണ്ടാണ് ഇത് സാധ്യമായത്. ബജറ്റ് വഴിയുള്ള ധനസഹായം നൽകികൊണ്ട്, പൊതുമേഖലാ പുനരുദ്ധാരണത്തിന് ധനകാര്യവകുപ്പ് മന്ത്രി, ഡോ.തോമസ് ഐസക് ഉറച്ച പിന്തുണ നൽകി. ഓരോ കമ്പനിയുടേയും സ്ഥിതിഗതികൾ വിലയിരുത്തി. റിയാബ് (റീ കൺസ്ട്രക്ഷൻ ആന്റ് ഇന്റേണൽ ഓഡിറ്റ് ബ്യൂറോ) വ്യക്തമായ പദ്ധതികൾ തയ്യാറാക്കി. ഓരോ കമ്പനിയു

ടേയും തലപ്പത്ത് അനുയോജ്യരായ പ്രൊഫഷണലുകളെ നിയമിച്ചു. വ്യവസായ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്രതിമാസ അവലോകന പരിപാടി സംഘടിപ്പിച്ചു. സർക്കാരിന്റെ മറ്റു വകുപ്പുകളുമായി ഉൽപ്പന്നങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് കരാറുകളുണ്ടാക്കി. വൈദ്യുതി, ആരോഗ്യം, ജലവിഭവം എന്നീ വകുപ്പുകൾ ഈ കാര്യത്തിൽ ആത്മാർത്ഥമായി സഹകരിച്ചു.

സമാന സ്വഭാവമുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിക്കാനുള്ള ശ്രമം വൻ വിജയം കണ്ടു. എ.കെ.ജി പഠന ഗവേഷണ കേന്ദ്രം 2005 ൽ സംഘടിപ്പിച്ച കേരള പഠന കോൺഗ്രസ്സിലെ സുപ്രധാന നിർദ്ദേശങ്ങളിലൊന്നായിരുന്നു ഇത്. പൊതുമേഖലാ വ്യവസായങ്ങൾ പ്രതിസന്ധിയിലായാൽ അടച്ചുപൂട്ടുകയോ സ്വകാര്യവൽക്കരിക്കുകയോ ചെയ്യുക എന്നതായിരുന്നു പരിഹാര നിർദ്ദേശങ്ങളായി മുമ്പ് നിർണ്ണയിക്കപ്പെട്ടത്. അതല്ലാത്ത ഒരു പോംവഴിയാണ് ഈ സർക്കാർ കണ്ടെത്തിയത്. കേന്ദ്ര പൊതുമേഖലയുടെ സഹകരണത്തോടെ പുനരുദ്ധാരണം എന്ന ആശയം ഇങ്ങനയാണ് രൂപം കൊണ്ടത്. ടെൽക്ക്- എൻ.ടി.പി.സി, സ്റ്റീൽ കോംപ്ലക്സ്- സെയ്ൽ, കെൽ- ബി.എച്ച്.ഇ.എൽ, ഓട്ടോകാസ്റ്റ്- റെയിൽവെ എന്നീ സംരംഭങ്ങൾ രൂപം കൊണ്ടത് ഇങ്ങനെയാണ്. റെയിൽവെയുടെ ഭാഗത്ത് നിന്ന് നടപടികൾ പൂർത്തിയാക്കാൻ കാലതാമസം നേരിട്ടു. മറ്റുള്ളവ പൂർത്തിയായി വരുന്നു. അടച്ചുപൂട്ടൽ ഭീഷണി നേരിട്ട സ്ഥാപനങ്ങളാണ് ഇത് മൂലം രക്ഷപ്പെട്ടത്. തിരുവനന്തപുരത്തെ ഹൈടെക് ഇൻഡസ്ട്രീസ് ബ്രഹ്മോസ് ഏറ്റെടുത്തതും ഇതിന്റെ ഭാഗമാണ്. ഇടത് പാർട്ടികൾ യു.പി.എ സർക്കാരിന് പിന്തുണ നൽകിയിരുന്ന കാലത്താണ് ഈ പദ്ധതികളെല്ലാം പ്രാവർത്തികമാക്കിയത്.

ഇതിനു പുറമെ എച്ച്.എ.എൽ (കാസർഗോഡ്), ബി.ഇ.എം.എൽ (കഞ്ചിക്കോട്), ബി.ഇ.എൽ (കളമശ്ശേരി) എന്നീ കേന്ദ്ര പൊതുമേഖലാ കമ്പനികളുടെ യൂണിറ്റുകൾ സംസ്ഥാനത്ത് കൊണ്ടുവരാനും സാധിച്ചു. ഇതിൽ ബി.ഇ.എം.എൽ (കഞ്ചിക്കോട്) യൂണിറ്റ്, ഒന്നാം ഘട്ടം നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ടു. മറ്റുള്ളവയുടെ നിർമ്മാണം നടന്നുവരുന്നു. കോട്ടയത്തെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി സ്ഥാപിച്ച ശേഷം ഈ സർക്കാരിന്റെ കാലത്താണ് ഇത്രയും കേന്ദ്ര പൊതുമേഖലാ കമ്പനികൾ കേരളത്തിൽ വന്നത്.

ഈ സർക്കാരിന്റെ ഒന്നാം വർഷം മുതൽ തന്നെ പൊതമേഖലാ വ്യവസായങ്ങളുടെ പ്രവർത്തനം മെച്ചപ്പെടാൻ തുടങ്ങി. താഴെ പറയുന്ന പട്ടിക നോക്കിയാൽ കഴിഞ്ഞ നാലു വർഷത്തെ പുരോഗതി വ്യക്തമാവും.

## വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കമ്പനികൾ

| | വർഷം | കമ്പനികൾ | വിറ്റുവരവ് | ലാഭം/(-) നഷ്ടം |
|---|---|---|---|---|
| UDF ഭരണം | 2001-02 | 45 | 1214.25 | (-) 15.05 |
| | 2002-03 | 45 | 1177.53 | (-) 51.64 |
| | 2003-04 | 45 | 1312.20 | (-) 63.11 |
| | 2004-05 | 45 | 1416.74 | (-) 73.37 |
| | 2005-06 | 45 | 1540.40 | (-) 69.64 |
| LDF ഭരണം | 2006-07 | 45 | 1763.74 | 91.18 |
| | 2007-08 | 42 | 1811.50 | 80.31 |
| | 2008-09 | 41 | 2105.01 | 169.45 |
| | 2009-10 | 37 | 2190.72 | 239.75 |

**ചെറിയ കമ്പനികൾ സംയോജിപ്പിച്ചതിനാലാണ് എണ്ണം കുറഞ്ഞത്.*

വിറ്റുവരവിലും ലാഭത്തിലും പടിപടിയായ വർദ്ധനവുണ്ടായത് സർക്കാരിന്റെ ശ്രദ്ധാപൂർവ്വമായ ഇടപെടൽ മൂലമാണ്. കമ്പോളത്തിലെ കടുത്ത മത്സരക്കാലത്തും പൊതു മേഖലയ്ക്ക് പിടിച്ചുനിൽക്കാനാകുമെന്ന് ഇത് തെളിയിച്ചു. പൊതുമേഖലയ്ക്ക് എതിരായി വൻ പ്രചരണം നടത്തിയവരുടെ കണ്ണുതുറപ്പിക്കുന്നതാണ് ഇതെല്ലാം.

പൊതുമേഖലാ വ്യവസായങ്ങൾ ഈ നേട്ടങ്ങൾ ഉണ്ടാക്കിയത് ഭൂമി വിൽപ്പനയിലൂടെയോ, ഓഹരി വിൽപ്പനയിലൂടെയോ അല്ല. യാതൊരു വിധ ഊഹക്കച്ചവടത്തിലും ഏർപ്പെട്ടുമല്ല. തൊഴിലാളികളുടെ എണ്ണം കുറയ്ക്കുന്ന യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. മറിച്ച് 6000 ത്തോളം തൊഴിലാളികളെ പുതുതായി നിയമിക്കുകയുണ്ടായി. എല്ലാ കമ്പനികളിലും ശമ്പളപരിഷ്ക്കരണവും മെച്ചപ്പെട്ട ആനുകൂല്യങ്ങളും നൽകി. കഴിഞ്ഞ മൂന്നു വർഷങ്ങളിലും അറ്റാദായമുണ്ടാക്കിയ കമ്പനികൾ സർക്കാരിന് ഡിവിഡണ്ടും നൽകി. പൊതുമേഖലാ കമ്പനികൾ കൈവരിച്ച ഈ നേട്ടങ്ങളെ എല്ലാ ട്രേഡ് യൂണിയനുകളും ശ്ലാഘിക്കുകയുണ്ടായി. തൊഴിലാളികളെയും അവ

രുടെ സംഘടനകളെയും വിശ്വാസത്തിലെടുത്തുകൊണ്ടാണ് ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത്. ഉൽപ്പാദന ക്ഷമത കൈവരിക്കുവാനും ഉൽപ്പാദനം വർദ്ധിപ്പിക്കാനും തൊഴിലാളികൾ സഹകരിക്കുന്നു. സ്ഥാപനങ്ങളുടെ വളർച്ചക്കായി സർക്കാർ കൈക്കൊള്ളുന്ന നടപടികൾക്ക് നല്ല പിന്തുണയാണ് തൊഴിലാളികളും ജീവനക്കാരും നൽകുന്നത്. പൊതുമേഖലയിൽ മുമ്പു കേട്ടിരുന്ന അഴിമതിക്കഥകൾ ഇല്ലാതായി. സുതാര്യവും കാര്യക്ഷമതയും എല്ലാ കമ്പനികളുടെയും മുഖമുദ്രയായി മാറി.

എൽ.ഡി.എഫ് സർക്കാരിന്റെ അഞ്ചാം വർഷത്തിൽ പൊതമേഖല പുതിയ ചരിത്രം കുറിക്കുകയാണ്. കഴിഞ്ഞ കാൽ നൂറ്റാണ്ടിനുശേഷം എട്ടു പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി മുതൽ മുടക്കുകയാണ്. ഇവയെല്ലാം 2010 ഡിസംബറിൽ ഉൽപ്പാദനം ആരംഭിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. താഴെ പറയുന്നവയാണ് ഈ എട്ട് സ്ഥാപനങ്ങൾ.

1. കോമളപുരം ഹൈടെക് സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ
2. ഹൈടെക് ടെക്സ്റ്റൈൽ മിൽ, കണ്ണൂർ
3. ഹൈടെക് ടെക്സ്റ്റൈൽ മിൽ, കാസർഗോഡ്
4. ട്രാക്കോ കേബിൾ യൂണിറ്റ്, കണ്ണൂർ
5. സിഡ്കോ ടൂൾ റൂം, കോഴിക്കോട്
6. കെൽട്രോൺ ടൂൾ റൂം, കുറ്റിപ്പുറം
7. എസ്.ഐ.എഫ്.എൽ, ഫോർജിംഗ് യൂണിറ്റ്, ഷൊർണ്ണൂർ
8. യു.ഇ.ഐ മീറ്റർ നിർമ്മാണ യൂണിറ്റ്, പാലക്കാട്.

ഇതിനു പുറമേ തിരുവണ്ണൂർ കോട്ടൺ മില്ലിന്റെ വികസനം 15 കോടി രൂപ, കേരള സോപ്സ് വികസനം 5 കോടി രൂപ, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ വികസനം 5 കോടി രൂപ, കെ.എം.എം.എൽ വികസനം 100 കോടി രൂപ, മലബാർ സിമന്റ്സ് വികസനം 85 കോടി രൂപ എന്നിവ ഈ വർഷം മുടക്കുന്നു. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്, ടി.സി.സി യുമായി ചേർന്ന് 47 കോടി രൂപ മുതൽ മുടക്കി കളമശ്ശേരിയിൽ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും ബാംബു കോർപ്പറേഷൻ 12 കോടി രൂപ മുതൽ മുടക്കി കോഴിക്കോട് ചെറുവണ്ണൂരിൽ ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയും സ്ഥാപിക്കുന്നു. ഇതു കൂടാതെ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും ഈ വർഷം വമ്പിച്ച തോതിലുള്ള മൂലധന നിക്ഷേപത്തിനാണ് സർക്കാർ തയ്യാറെടുക്കുന്നത്. ഇതെല്ലാം ചേർന്നാൽ 2010 ൽ 540 കോടി രൂപയുടെ പുതിയ മൂലധന നിക്ഷേപം പൊതുമേഖലയിൽ വരികയാണ്. ഇത് ഇന്ത്യയിൽ വേറിട്ട ഒരനുഭവമാണ്.

പൊതുമേഖലയിലുണ്ടായ മാറ്റങ്ങൾ ഉറപ്പിക്കാനുള്ള നടപടികളും സർക്കാർ സ്വീകരിച്ച് വരികയാണ്. സമാന സ്വഭാവമുള്ള കമ്പനികൾ ഒന്നിപ്പിക്കുക എന്നതാണ് ഒരു പ്രധാനകാര്യം പരിഗണനയിലുള്ളത്. ഇതിന്റെ ഭാഗമായി കെൽട്രോണിന്റെ കണ്ണൂരിലുള്ള നാലും യൂണിറ്റുകൾ ഒന്നിപ്പിക്കൽ പൂർത്തിയായി. മറ്റ് ചില കമ്പനികളും ഈ വിധത്തിൽ ശക്തിപ്പെടുത്തും. ആധുനികവൽക്കരണവും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തമെന്ന ട്രേഡ് യൂണിയനുകൾ ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യം നടപ്പിലാക്കി കേരളം ചരിത്രം സൃഷ്ടിക്കുകയാണ്. ഓരോ കമ്പനിയുടെയും ഡയറക്ടർ ബോർഡിൽ തൊഴിലാളി പ്രതിനിധികളെ ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് താമസിയാതെ ഉത്തരവിറക്കും. തൊഴിലാളികൾക്കും ഉദ്യോഗസ്ഥന്മാർക്കും ട്രെയിനിംഗ് നൽകി അവരുടെ വൈദഗ്ദ്യം വർദ്ധിപ്പിക്കാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

ഓരോ വർഷവും ഏറ്റവും നല്ല സ്ഥാപനവും, മേധാവിയും, സമ്മാനത്തിനർഹത നേടുന്നു. ഇത് സ്ഥാപനങ്ങൾ തമ്മിൽ ആരോഗ്യകരമായ മത്സരത്തിന് വഴിവെക്കുന്നുണ്ട്. വ്യവസായ റിപ്പോർട്ടിംഗിൽ മികച്ച സംഭാവന നൽകുന്ന പത്രപ്രവർത്തകനെയും ആദരിക്കാറുണ്ട്. ഈ വർഷം ഒരു ദൃശ്യമാധ്യമ പ്രവർത്തകനും പുരസ്കാരം നൽകും.

ശാപവചനങ്ങൾ ഏറെ കേട്ടതും പലരും എഴുതി തള്ളിയതുമായ സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ ഉയിർത്തെഴുന്നേറ്റ് ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന അവസ്ഥയിലേക്ക് വന്നതിൽ എനിക്ക് ചാരിതാർത്ഥ്യമുണ്ട്. എൽ.ഡി.എഫിന്റെ നയത്തിന്റെയും വ്യവസായ വകുപ്പിന്റെ കൂട്ടായ പ്രവർത്തനങ്ങളുടെയും അതിനെല്ലാം നേതൃത്വം നൽകിയ എൽ.ഡി.എഫ് മന്ത്രിസഭയുടെയും തിളക്കമാർന്ന ഈ വിജയം ഉറപ്പിച്ച് നിർത്താൻ നമുക്ക് കൂട്ടായി യത്നിക്കാം.